പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:330 13/10/2011-ൽ മറുപടിയ്ക്ക്

## കടൽ മത്സ്യസമ്പത്തിന്റെ ലഭ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| (എ)<br>കടൽ മത്സ്യസമ്പത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | (എ)<br>കടൽ മത്സ്യസമ്പത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി സീ റാഞ്ചിംഗ്, കൃത്രിമ പാര് നിക്ഷേപിക്കൽ, തീരദേശ മത്സ്യം വളർത്തൽ എന്നീ പദ്ധതികളാണ് നടപ്പാക്കുന്നത്. കടൽ മത്സ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി ആഴക്കടൽ മത്സ്യബന്ധനപദ്ധതി നടപ്പാക്കുന്നുണ്ട്. കടൽ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനായി ജൂൺ, ജൂലൈ മാസങ്ങളിൽ ട്രോളിംഗ് നിരോധനവും അനധികൃത മത്സ്യബന്ധന രീതികൾ തടയുന്നതിനായി നിരന്തരം കടൽ പട്രോളിംഗും നടപ്പാക്കി വരുന്നു |
| (ബി)<br>സംസ്ഥാനത്തെ ഹാച്ചറിയിൽ ഉല്പാദിപ്പിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളെ കടലിൽ നിക്ഷേപിച്ച് മത്സ്യസമ്പത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ നടപടി എടുക്കുമോ; | (ബി)<br>സംസ്ഥാനത്തെ ഹാച്ചറികളിൽ ഉല്പാദിപ്പിക്കുന്ന ചെമ്മീൻ കുഞ്ഞുങ്ങളെ കായലിലും അഴിമുഖങ്ങളിലും നിക്ഷേപിക്കുകയും തദ്വാര കുഞ്ഞുങ്ങൾ വളരുന്ന മുറയ്ക്ക് മത്സ്യ ലഭ്യതയിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്യുന്നുണ്ട്. ഈ കുഞ്ഞുങ്ങളെ നേരിട്ട് കടലിൽ നിക്ഷേപിക്കുന്നത് ശാസ്ത്രീയമായി ശരിയായ നടപടിയല്ല. 2011-12 വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ സീ റാഞ്ചിംഗ് പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. |
| (സി)<br>അതിവേഗം വളരുന്നതും കമ്പോളങ്ങളിൽ ഏറെ ആവശ്യക്കാരുള്ളതുമായ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുമോ? | (സി)<br>നിലവിൽ ലഭ്യമായിട്ടുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്ഥാനത്തെ മത്സ്യ/ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ഇനം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ഇതിനു വേണ്ടി ഉപയോഗ പ്പെടുത്തുന്നതാണ് |

സെക്ഷൻ ഓഫീസർ